# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4823 | 26.06.2019 ൽ മറുപടിക്ക്

## ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ ഭൂമി പതിച്ച് നൽകാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | കാസർഗോഡ് ജില്ലയിൽ ചെമ്മനാട് ഗ്രാമപഞ്ചായത്ത് ഭൂമി (തെക്കിൽ വില്ലേജിൽ ആർ.എസ്.നം. 256/പിറ്റി യിൽപ്പെട്ട 0.04 ഏക്കർ ഭൂമി) താമസക്കാരായ ഏഴ് പേർക്ക് പതിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; | എ) പൂർത്തീകരിച്ചിട്ടില്ല. |
| ബി) | പ്രസ്തുത ഫയൽ പരിഗണിച്ച് തുടങ്ങിയിട്ട് എത്ര വർഷമായെന്ന് അറിയിക്കാമോ; ഇതിന്റെ നടപടികൾ പൂർത്തീകരിക്കാൻ ഇത്രയും കാലതാമസം വേണ്ടി വന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | ബി) ചെമ്മനാട് ഗ്രാമപഞ്ചായത്ത് ഭൂമി പതിച്ച് നൽകുന്ന നടപടിയുമായി ബന്ധപ്പെട്ട ഫയൽ പരിഗണിച്ച് തുടങ്ങിയിട്ട് 2 വർഷമായി. ടി ഗ്രാമ പഞ്ചായത്തിലെ ആർ എസ് നം-256/പിറ്റി യിൽപ്പെട്ട 0.28 ഏക്കർ ഭൂമി പതിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് 29/03/2017 ൽ സി3/6077/2017 നമ്പർ കത്ത് പ്രകാരം സ്ഥലം പുനർ നിക്ഷിപ്തമാക്കുന്നതിന് ജില്ലാ കലക്ടർ തയ്യാറാക്കിയ കരട് വിജ്ഞാപനം സർക്കാർ പരിഗണിക്കുകയും, ഇത് സംബന്ധിച്ച പഞ്ചായത്ത് തീരുമാനം, ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനവും സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിവരവും, ഇവർ എത്ര കാലമായി ഭൂമി കൈവശം വെച്ച് വരുന്നു, ഇവർക്ക് മറ്റെവിടെയെങ്കിലും ഭൂമിയുണ്ടോ, ഭൂമി പതിച്ച് കിട്ടുന്നതിന് ഗുണഭോക്താക്കൾ അർഹരാണോ, പരാമർശിത സ്ഥലത്തിന്റെ ബി.ടി.ആർ, അതിരുകൾ കൃത്യമായി രേഖപ്പെടുത്തിയ ലൊക്കേഷൻ സ്കെച്ച് എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുകയുമുണ്ടായി. |

| | | |
|---|---|---|
| | | ആയതിൻമേൽ ചെമ്മനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ബിടിആർ, ലൊക്കേഷൻ സ്കെച്ച് എന്നിവ ഒഴികെയുള്ള റിപ്പോർട്ട് ലഭ്യമായി. ബി.ടി.ആർ, ലൊക്കേഷൻ സ്കെച്ച് എന്നിവ ലഭിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടതിൽ 28/09/2018 നും 13/11/2018 നും തെക്കിൽ വില്ലേജ് ഓഫീസർക്ക് ലൊക്കേഷൻ സ്കെച്ചിനായി കത്ത് നൽകിയതിൽ മേൽപ്പറഞ്ഞ സ്ഥലത്തിന്റെ സ്കെച്ച് വില്ലേജ് ആഫീസിൽ ലഭ്യമല്ലെന്നും ആയതിന് വേണ്ടി കാസറഗോഡ് തഹസിൽദാർക്ക് കത്തയക്കുകയും, പ്രസ്തുത ഓഫീസിൽ ഫയൽ ലഭ്യമല്ലാത്തതിനാൽ പുതിയ സർവ്വെ നടത്തി ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും തെക്കിൽ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത നടപടികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | സി) ലൊക്കേഷൻ സ്കെച്ച്, ബി.ടി.ആർ എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ